ഗതാഗതയോഗ്യമായ ബോട്ടുകൾ

107 [3512] ശ്രീ. പി. നാരായണൻ:

,, പി. എസ്. സുപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജല ഗതാഗത മേഖലയിൽ മൊത്തം എത്ര റൂട്ടുകൾ നിലവിലുണ്ട്. അവ ഏതെല്ലാം;

(ബി) പ്രസ്തുത റൂട്ടുകളിൽ ഗതാഗതത്തിനായി എത്ര ബോട്ടുകൾ ആവശ്യമായിട്ടുണ്ട്; ജലഗതാഗത വകുപ്പിന്റെ കീഴിൽ ഗതാഗത യോഗ്യമായ എത്ര ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) വിവിധതരം അറ്റകുറ്റപ്പണികൾക്കായി കയറ്റിവച്ചിട്ടുള്ള ബോട്ടുകൾ എത്രയെണ്ണം ഉണ്ട്; അവ ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തി ഗതാഗതയോഗ്യമാക്കുന്നതിന് എന്തെല്ലാം അടിയന്തിര നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) 53 റൂട്ടുകൾ.

ആലപ്പുഴ	—	കോട്ടയം
ആലപ്പുഴ	—	നെടുമുടി
ആലപ്പുഴ	—	കാവാലം
ആലപ്പുഴ	—	എടത്വാ
ആലപ്പുഴ	—	ചങ്ങനാശ്ശേരി
ആലപ്പുഴ	—	പുളിങ്കുന്ന്
മുഹമ്മ	—	കുമരകം
പാണാവള്ളി	—	പൂത്തോട്ട
പാണാവള്ളി	—	പെരുംപളം
വൈക്കം	—	തവണക്കടവ്
എറണാകുളം	—	വൈറ്റിൻ
എറണാകുളം	—	മട്ടാഞ്ചേരി
കൊറ്റി	—	കോട്ടപ്പുറം
കാവാലം	—	കൃഷ്ണപുരം
എടത്വാ	—	ചമ്പക്കുളം
എറണാകുളം	—	ടെർമിനൻസ്
എറണാകുളം	—	കർത്തേടം
കൊല്ലം	—	പെരുമൺ, മുതലായവ

ഉൾപ്പെടെ 53 റൂട്ടുകൾ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 53 ബോട്ടുകൾ. ഇപ്പോൾ 49 എണ്ണം സർവ്വീസ് നടത്തുന്നുണ്ട്.

(സി) 15 എണ്ണം. മേജർ റിപ്പയർ ഉൾപ്പെടെയുള്ള അറ്റകുറ്റപ്പണികൾ വകുപ്പു ജീവനക്കാരെ കൂടാതെ ഗവൺമെന്റ് സ്ഥാപനങ്ങളായ കെ. എസ്. ഐ. എൻ. സി., സിൽക്ക് മുഖേനയും പ്രൈവറ്റ് കോൺട്രാക്റ്റർ മുഖേനയും ചെയ്തുവരുന്നു.

കൊച്ചുവേളിയിലെ റെയിൽവേ ടെർമിനൽ

108 [3513] ശ്രീ. പിരപ്പൻകോട് മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചുവേളിയിൽ സ്ഥാപിക്കുന്ന റെയിൽവേയുടെ രണ്ടാം ടെർമിനലിന്റെ നിർമ്മാണം ഏതുവരെയായിയെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതി എത്രയുംവേഗം പൂർത്തിയാക്കാൻ സംസ്ഥാന സർക്കാർ മുൻകൈ എടുക്കുമോ;

(സി) നേമത്ത് റെയിൽവേയുടെ ഒരു കോച്ച് റിപ്പയറിംഗ് യൂണിറ്റ് സ്ഥാപിക്കാൻ കേന്ദ്ര റെയിൽവേ വകുപ്പിൽ സമ്മർദ്ദം ചെലുത്തുമോ?

ഉത്തരം

(എ) കൊച്ചുവേളിയിൽ രണ്ടാം ടെർമിനൽ നിർമ്മാണത്തിന്റെ പദ്ധതിക്ക് റെയിൽവേ അന്തിമ രൂപം നൽകി വരുകയാണ്.

(ബി) സമ്മർദ്ദം ചെലുത്തുന്നതാണ്.

(സി) നേമത്ത് ഒരു ക്രോസിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള പദ്ധതി അന്തിമ ഘട്ടത്തിലാണ്.

കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം ലാഭകരമാക്കുന്നതിന് സ്വീകരിച്ച നടപടികൾ

109 [3514] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ലാഭകരമാക്കുന്നതിനുമായി സ്വീകരിച്ച വിവിധ നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടിയുടെ ഭാഗമായി സംസ്ഥാനത്തിന് എത്ര റൂട്ടുകൾ ക്യാൻസൽ ചെയ്തുവെന്ന് ഡിപ്പോ തിരിച്ചുള്ള കണക്ക് വെളിപ്പെടുത്തുമോ;

(സി) ഈ നടപടികൾ നിമിത്തം കെ. എസ്. ആർ. ടി. സി.-യെ ലാഭകര മാക്കുവാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വിശദവിവരം വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly